**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

ആലുവ ജനസേവ ശിശുഭവനിലെ അന്തേവാസികളായ ശ്രീ. സഞ്ജയ് ബാബു, ശ്രീ. ലക്ഷ്മണൻ.ബി എന്നീ വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിനായി അധിക സീറ്റ് സൃഷ്ടിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 5278/AC A 1/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 09.11.2020

---

*പരാമർശം:*-1. ഉന്നത വിദ്യാഭ്യാസ ഡയറക്ടറുടെ 20.11.2012 ലെ സ.ഉ.(സാ.ധ)നം. 2484/2012/ഉ.വി.വ. നം.

2. 23.09.2020 തീയതിയിൽ ആലുവ ജനസേവ ശിശുഭവൻ മാനേജർ ഇ-മെയിൽ മുഖാന്തിരം നൽകിയ അപേക്ഷകൾ.

3. വൈസ് ചാൻസിലറുടെ 06.11.2020 തീയതിയിലെ ഉത്തരവ്.

**<u>ഉത്തരവ്</u>**

സാമൂഹിക നീതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ കുട്ടികൾക്ക് സർക്കാർ/എയ്ഡഡ് കോളേജുകളിലെ ഡിഗ്രി പ്രവേശനത്തിന് ഓരോ കോളേജിലും ഒരു സീറ്റ് സംവരണം ചെയ്തുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ സാമൂഹിക നീതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനമായ ആലുവ ജനസേവ ശിശുഭവനിലെ അന്തേവാസികളായ ശ്രീ. സഞ്ജയ് ബാബു എന്ന വിദ്യാർത്ഥിക്ക് കോലഞ്ചേരി, സെന്റ്. പീറ്റേഴ്സ് കോളേജിലോ സമീപത്തുള്ള ഏതെങ്കിലും കോളേജിലോ ബി.എ. പൊളിറ്റിക്കൽ സയൻസ് എന്ന പ്രോഗ്രാമിലേയ്ക്കും ശ്രീ. ലക്ഷ്മണൻ.ബി എന്ന വിദ്യാർത്ഥിക്ക് തൃപ്പൂണിത്തുറ, ആർ.എൽ.വി. കോളേജിൽ ബി.എ. മ്യൂസിക് എന്ന പ്രോഗ്രാമിലേക്കും പ്രവേശനം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ആലുവ ജനസേവ ശിശുഭവൻ മാനേജർ പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

പരാമർശം (2) പ്രകാരമുള്ള അപേക്ഷ പരിഗണിച്ച് സാമൂഹിക നീതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനമായ ആലുവ ജനസേവ ശിശുഭവനിലെ അന്തേവാസികളായ ശ്രീ. സഞ്ജയ് ബാബു(ആപ്ലിക്കേഷൻ നം. 160548) എന്ന വിദ്യാർത്ഥിക്ക് കോലഞ്ചേരി, സെന്റ്. പീറ്റേഴ്സ് കോളേജിൽ ബി.എ. പൊളിറ്റിക്കൽ സയൻസ് എന്ന പ്രോഗ്രാമിലേയ്ക്കും ശ്രീ. ലക്ഷ്മണൻ .ബി (ആപ്ലിക്കേഷൻ നം. 0501) എന്ന വിദ്യാർത്ഥിക്ക് തൃപ്പൂണിത്തുറ, ആർ.എൽ.വി. കോളേജിൽ ബി.എ. മ്യൂസിക് എന്ന പ്രോഗ്രാമിലേക്കും പ്രവേശനം നൽകുന്നതിനായി ഓരോ

Draft #1 of File 47529/AC B6-1/2020/AC B 6 Approved by DEPUTY REGISTRAR I (ACADEMIC) on 09-Nov-2020 04:32 PM - Page 1

സീറ്റ് വീതം അധികമായി സൃഷ്ടിക്കുവാൻ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം 3, സെക്ഷൻ 10(17) പ്രകാരമുള്ള അധികാരം ഉപയോഗിച്ച് 06.11.2020 തീയതിയിൽ വൈസ് ചാൻസിലർ ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ബൈജു എൻ

ഡപ്യൂട്ടി രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.മാനേജർ, ജനസേവ ശിശുഭവൻ, ആലുവ
2.പ്രിൻസിപ്പാൾ,സെന്റ് പീറ്റേഴ്സ് കോളേജ്, കോലഞ്ചേരി
3.പ്രിൻസിപ്പാൾ,RLV കോളേജ്, തൃപ്പൂണിത്തുറ
4. വൈസ് ചാൻസിലർ/പ്രോ വൈസ് ചാൻസിലർ എന്നിവരുടെ പി.എസ് മാർ
5. രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.മാർ
6. ജെ.ആർ/ഡി.ആർ/എ. ആർ (അക്കാദമിക് വിഭാഗം)
7. എസി ബി6 സെക്ഷൻ
8. കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ/ഐ.ക്യൂ.എ.സി./എ.ടി.ആർ.
9. കരുതൽ ഫയൽ/ഫയൽ കോപ്പി/റെക്കോർഡ്സ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #1 of File 47529/AC B6-1/2020/AC B 6 Approved by DEPUTY REGISTRAR I (ACADEMIC) on 09-Nov-2020 04:32 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം